# 2023-TGC—ദൂത് ഒന്ന്—സഭയിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള നിസ്തുല പരിഹാരമെന്ന നിലയിൽ സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനം

| എല്ലാ പ്രശ്നങ്ങൾക്കുമുള്ള നിസ്തുല പരിഹാരം—സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനം | കൂട്ടായ്മയിലേക്ക് വിളിച്ച ദൈവം വിശ്വസ്തനാണ്, എന്നാൽ നാം അവിശ്വസ്തരാണ് | കർത്താവിനെ ആസ്വദിക്കുവാനുള്ള മാർഗ്ഗം |
|---|---|---|
| **I. സഭയിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള നിസ്തുല പരിഹാരം—സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനം** | **II. തന്റെ പുത്രന്റെ കൂട്ടായ്മയിലേക്ക്, ആസ്വാദനത്തിലേക്ക് നമ്മെ വിളിച്ചതിൽ ദൈവം വിശ്വസ്തനാണ്, എന്നാൽ നാം അവിശ്വസ്തരാണ്** | **III. കർത്താവിനെ ആസ്വദിക്കുവാനുള്ള മാർഗം അവനെ സ്നേഹിക്കുന്നതും, അന്യോന്യം സ്നേഹിക്കുന്നതും ആണ്** |

## I.

**A.** നമ്മെ ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക്, പരസ്പര ആസ്വാദനത്തിലേക്ക് (അവൻ നമ്മെയും, നാം അവനെയും ആസ്വദിക്കുന്നതിലേക്ക്) വിളിച്ചിരിക്കുന്നു

**B.** എല്ലാ പ്രശ്നങ്ങൾക്കും, പ്രത്യേകിച്ചു ഭിന്നതയുടെ വിഷയത്തിന്, ഒരേയൊരു പരിഹാരം സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനമാണ്

**C.** ക്രിസ്തുവിനെക്കൂടാതെയുള്ള ഏതെങ്കിലും വ്യക്തികളിലോ, വസ്തുക്കളിലോ, വിഷയങ്ങളിലോ നാം ശ്രദ്ധകേന്ദ്രീകരിക്കരുത്, നമ്മുടെ നിസ്തുല കേന്ദ്രമായ ക്രിസ്തുവിൽ മാത്രം നാം ശ്രദ്ധ കേന്ദ്രീകരിക്കണം

**D.** നമ്മുടെ ലക്ഷ്യം ക്രിസ്തുവിന്റെ പൂർണ ആസ്വാദനവും ക്രിസ്തുവിനെ പൂർണമായി നേടുന്നതും ആണ്

**E.** നാം “ഒരു കാര്യം”—ക്രിസ്തുവിനെ വ്യക്തിനിഷ്ഠമായ് നേടുവാനും അവനെ സ്വന്തമാക്കുവാനുമായ് അവനെ പിൻപറ്റുന്നത് മാത്രം ചിന്തിക്കുന്നവരായിരിക്കണം

**F.** ഒരു കാര്യമല്ലാതെ മറ്റെന്തെങ്കിലും ചിന്തിക്കുന്നത് ദൈവത്തിന്റെ വ്യവസ്ഥയ്ക്കെതിരായി മത്സരിക്കുന്നതാണ്

**G.** ക്രിസ്തീയജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും രഹസ്യം നാം **ക്രിസ്തുവിനെ കുറഞ്ഞത് ഇരുപത് കാര്യങ്ങളുടെ സമ്പത്തോടുകൂടെ ആസ്വദിക്കുന്നതാണെന്ന്** 1 കൊരിന്ത്യർ വെളിപ്പെടുത്തുന്നു.

| | |
|---|---|
| 1. ദൈവത്താൽ നമുക്കു നൽകപ്പെട്ട ഓഹരി | 10. നമ്മുടെ പെസഹ |
| 2. ദൈവത്തിന്റെ ശക്തി | 11. പുളിപ്പില്ലാത്ത അപ്പം |
| 3. ദൈവത്തിന്റെ ജ്ഞാനം | 12. ആത്മിക ആഹാരം |
| 4. നീതി | 13. ആത്മിക പാനീയം |
| 5. വിശുദ്ധി | 14. ആത്മിക പാറ |
| 6. വീണ്ടെടുപ്പ് | 15. തല |
| 7. തേജസ്സിന്റെ കർത്താവ് | 16. ശരീരം |
| 8. ദൈവത്തിന്റെ ആഴങ്ങൾ | 17. ആദ്യഫലം |
| 9. ദൈവത്തിന്റെ കെട്ടിടത്തിന്റെ നിസ്തുല അടിസ്ഥാനം | 18. രണ്ടാം മനുഷ്യൻ |
| | 19. ഒടുക്കത്തെ ആദാം |
| | 20. ജീവൻ-നൽകുന്ന ആത്മാവ് |

## II.

**A.** നമ്മുടെ സംതൃപ്തിക്കും ആസ്വാദനത്തിനുംവേണ്ടി ദൈവം തന്നെ ആയിരിക്കണം ജീവജലത്തിന്റെ ഉറവും, സ്രോതസ്സും

**B.** ജീവജലത്തിന്റെ ഉറവായി ദൈവത്തെ എടുക്കാനുള്ള ഏക മാർഗം നാം നിരന്തരമായി കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് അവനിൽനിന്നു കുടിക്കുകയും ദിനംതോറും അവനെ പുറത്തേക്കൊഴുക്കുകയും ചെയ്യുക എന്നതാണ്

**C.** അവനിൽനിന്നു കുടിച്ചുകൊണ്ട് ദൈവത്തെ ആസ്വദിക്കുന്നതിനുപകരം ദൈവത്തിന്റെ ജനം രണ്ടു ദോഷങ്ങൾ ചെയ്തുകൊണ്ട് അവനോട് അവിശ്വസ്തരായിരുന്നു—ഒന്നാമത്, അവരുടെ ഉറവിടമായ ദൈവത്തെ ഉപേക്ഷിച്ചു; രണ്ടാമത്, ദൈവമല്ലാത്ത ഉറവിടങ്ങളിലേക്ക്, പൊട്ടക്കിണറുകൾ സൂചിപ്പിക്കുന്ന വിഗ്രഹങ്ങളിലേക്ക് അവർ തിരിഞ്ഞു.

**D.** കർത്താവിനെ ഭക്ഷിക്കുവാനും, പാനംചെയ്യുവാനും, ആസ്വദിക്കുവാനും കർത്താവിന്റെ അടുക്കൽ വരാത്തതാണ് ദുഷ്ടന്മാരുടെ ദുഷിച്ച അവസ്ഥ—ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതിനെക്കാൾ തിന്മയായി മറ്റൊന്നുമില്ല

**E.** നാം അവിശ്വസ്തരാണെങ്കിലും, ദൈവം വിശ്വസ്തനാണ്, എന്നാൽ അവന്റെ വിശ്വസ്തത നമ്മുടെ സ്വാഭാവിക അറിവിനോ ധാരണയ്ക്കോ അനുസരിച്ചല്ല:

- നമ്മുടെ വിഗ്രഹങ്ങളെ നീക്കിക്കളയുവാൻ ദൈവം വിശ്വസ്തനാണ്;
- അവനിൽ ആശ്രയിക്കുവാൻ പഠിക്കേണ്ടതിന് നമുക്ക് കഷ്ടങ്ങൾ ഉണ്ടായിരിക്കുവാൻ അനുവദിക്കുന്നതിൽ ദൈവം വിശ്വസ്തനാണ്

## III.

**വ്യക്തിപരം**

**A.** ദൈവത്തിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കുവാനും അതിലെ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കുവാനും നമ്മെ പ്രാപ്തരാക്കുന്നതിന് കർത്താവിനെ നാം സ്നേഹിക്കണം

- സഭാജീവിതത്തിന്റെ ഉള്ളടക്കം ക്രിസ്തുവിന്റെ ആസ്വാദനത്തെ ആശ്രയിച്ചിരിക്കുന്നു; എന്നാൽ ആസ്വാദനം ആദ്യസ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു
- സഭയുടെ അധഃപതനം കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം വിട്ടുകളയുന്നതോടുകൂടി ആരംഭിക്കുന്നു
- നാം സ്വീകരിച്ച ജീവൻ ഒരു വ്യക്തിയാണ്, ഈ വ്യക്തിയെ പ്രയോഗിക്കുവാനും ആസ്വദിക്കുവാനുമുള്ള ഏക വഴി ആദ്യസ്നേഹത്താൽ അവനെ സ്നേഹിക്കുന്നതാണ്

**സംഘാതം**

**B.** സഭയെ കെട്ടുപണി ചെയ്യുന്നതിന് നമുക്ക് എന്തെങ്കിലും ആയിരിക്കുവാനും എന്തെങ്കിലും ചെയ്യുവാനുമുള്ള ഏറ്റവും ശ്രേഷ്ഠമായ മാർഗം സ്നേഹമാണ്

- അറിവ് ചീർപ്പിക്കുന്നു, എന്നാൽ സ്നേഹം കെട്ടുപണി ചെയ്യുന്നു
- നാം സ്നേഹിക്കുന്ന ക്രിസ്തു സഭയെ സ്നേഹിക്കുന്നവനായ ക്രിസ്തുവാണ്; സഭാജീവിതം സഹോദരസ്നേഹത്തിന്റെ ജീവിതമാണ്, ശരീരം സ്നേഹത്തിൽ അതിനെത്തന്നെ കെട്ടുപണിചെയ്യുന്നു